# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 256** — **28/05/2019-ൽ മറുപടിക്ക്**

## മഴക്കാല രോഗങ്ങൾക്കെതിരെയുള്ള മുന്നൊരുക്കങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി.** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| **എ)** | ഡങ്കി, നിപ വൈറസ്സുകൾ മൂലമുണ്ടാവുന്ന രോഗങ്ങൾ സംസ്ഥാനത്ത് ഈ വർഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ: ഉണ്ടെങ്കിൽ വിശദമാക്കാമോ; | **എ)** | നിപ വൈറസ് രോഗം 2019-ൽ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ഈ വർഷം 23/05/2019 വരെ 354 പേർക്ക് ഡെങ്കിപ്പനി സ്ഥിരീകരിക്കുകയുണ്ടായി. തിരുവനന്തപുരത്താണ് ഏറ്റവും കൂടുതൽ പേർക്ക് ഡെങ്കിപ്പനി പിടിപെട്ടത്. മലപ്പുറം, ആലപ്പുഴ, എറണാകുളം, കോട്ടയം, കൊല്ലം ജില്ലകളിലാണ് താരതമ്യേന കൂടുതൽപേർക്ക് ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്തത്. |
| **ബി)** | കഴിഞ്ഞ വർഷം സംസ്ഥാനത്തെ ഭീതിയിലാഴ്ത്തിയ മഴക്കാല രോഗങ്ങൾക്കെതിരെ എന്തെല്ലാം പ്രതിരോധ നടപടികളും മുന്നൊരുക്കങ്ങളുമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | **ബി)** | "ആരോഗ്യജാഗ്രത 2019" ന്റെ ഭാഗമായി ജനുവരിയിൽ തന്നെ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയും പ്രവർത്തന കലണ്ടറും തയ്യാറാക്കി ഇതര വകുപ്പുകളുടെയും, ഏജൻസികളുടെയും ആരോഗ്യസേനയുടെയും പൊതു-ജനങ്ങളുടെയും പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് നടത്തി വരുന്നു. ഫെബ്രുവരി 4 ന് ബഹു.മുഖ്യമന്ത്രി ഈ പ്രവർത്തനങ്ങൾക്ക് സംസ്ഥാന-തലത്തിൽ ഔദ്യോഗിക തുടക്കം കുറിക്കുകയുണ്ടായി. വിവിധതലങ്ങളിൽ വകുപ്പുതല ഏകോപനയോഗങ്ങൾ, ആലോചനാ യോഗങ്ങൾ, പരിശീലനം, ബോധവത്കരണം, അവശ്യസാധന സാമഗ്രികളുടെ സംഭരണവും, വിതരണവും തുടങ്ങിയവ നടത്തി വാർഡ്തല ആരോഗ്യ ശുചിത്വ സമിതികൾ ശാക്തീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആരോഗ്യ സേനകളെ സജ്ജമാക്കി. ഇവരുടെ സഹായത്തോടെ ഗൃഹസന്ദർശനം, ശുചീകരണം, കൊതുകുറവിട നശീകരണം, ക്ലോറിനേഷൻ തുടങ്ങിയവ നടത്തിവരുന്നു. പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിന് |

വേണ്ടി സംസ്ഥാനത്തുടനീളം ക്യാമ്പയിനുകൾ നടപ്പിലാക്കി. തദ്ദേശസ്വയംഭരണ വകുപ്പിന്റെ "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം" എന്ന പരിപാടിയും ആരോഗ്യ-വകുപ്പ് തയ്യാറാക്കിയ ആരോഗ്യജാഗ്രതാ കലണ്ടറും അനുസരിച്ചുള്ള പ്രവർത്തനങ്ങളും സംയുക്തമായി നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം രോഗനിരീക്ഷണം കാര്യക്ഷമമാക്കുകയും രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ദ്രുതകർമ്മസേന സന്ദർശിച്ച് ഊർജ്ജിത രോഗനിയന്ത്രണ പ്രവർത്തനങ്ങളും യഥാസമയം നടത്തിവരുന്നു.

**സെക്ഷൻ ഓഫീസർ**